Registered Tapal

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- - ക്ലാർക്ക് തസ്തികയിൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ ഇടുക്കി ജില്ലാ ആഫീസർ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - സേവനത്തിൽ പ്രവേശിക്കുവാൻ സാവകാശം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/22177/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 16.10.2023

---

വായന:- 1.14.09.2023 ലെ ഐഡിബി (4)2725/2020 (3) നമ്പർ ഇടുക്കി ജില്ലാ പിഎസ്‌സി ആഫീസറുടെ നിയമന ശിപാർശ
2.06.10.2023 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നിയമന ഉത്തരവ്
3.16.10.2023 ലെ ശ്രീമതി.ആര്യാ.വി,കുഴിവിള പടിഞ്ഞാറ്റേതിൽ, ആവണീശ്വരം.പി.ഓ,നെടുവന്നൂർ,കൊല്ലം - 691508 സമർപ്പിച്ച അപേക്ഷ
4.28.10.2020 ലെ സ.ഉ (അച്ചടി) നം.15/2020/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

വായന (1) പ്രകാരം ഈ വകുപ്പിലെ ക്ലാർക്ക് തസ്തികയിലേക്ക് നിയമന ശിപാർശ ചെയ്ത ശ്രീമതി.ആര്യാ.വി, കുഴിവിള പടിഞ്ഞാറ്റേതിൽ, ആവണീശ്വരം.പി.ഓ, നെടുവന്നൂർ, കൊല്ലം - 691508 എന്ന ഉദ്യോഗാർഥിക്ക്; മുട്ടം സർക്കാർ പോളിടെക്ക്നിക്ക് കോളേജ് മേധാവി മുൻപാകെ 26.10.2023 നോ അതിനു മുൻപോ ടി തസ്തികയിൽ ജോലിക്ക് ഹാജരാകുവാൻ നിർദ്ദേശം നൽകി വായന (2) പ്രകാരം നിയമന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ നിലവിൽ ജോലി ചെയ്തു വരുന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള കാലതാമസം നേരിടുന്നതിനാൽ, ഈ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 30.11.2023 വരെ സാവകാശം അനുവദിച്ചു നൽകണമെന്ന് വായന (3) പ്രകാരം ടി ഉദ്യോഗാർഥി അപേക്ഷ സമർപ്പിച്ചിരുന്നു.

ആതിനാൽ, ശ്രീമതി.ആര്യാ.വി, കുഴിവിള പടിഞ്ഞാറ്റേതിൽ, ആവണീശ്വരം.പി.ഓ, നെടുവന്നൂർ, കൊല്ലം - 691508 എന്ന ഉദ്യോഗാർഥിക്ക്; മുട്ടം സർക്കാർ പോളിടെക്ക്നിക്ക് കോളേജിലെ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള പ്രവേശന കാലയളവ് വായന (2) നിയമന ഉത്തരവ് തീയതിയായ 06.10.2023 മുതൽ 30.11.2023 വരെയുള്ള 56 ദിവസത്തേക്ക് വായന (4) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (vii) ലെ വ്യവസ്ഥകൾ പ്രകാരം അനുവദിച്ചു ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
ശ്രീമതി.ആര്യാ.വി
കുഴിവിള പടിഞ്ഞാറ്റേതിൽ, ആവണീശ്വരം.പി.ഓ, നെടുവന്നൂർ, കൊല്ലം - 691508
(രജി:തപാൽ,എ.ഡി കാർഡ് സഹിതം)

പകർപ്പ്
1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.പ്രിൻസിപ്പാൾ,സർക്കാർ പോളിടെക്നിക് കോളേജ്, മുട്ടം (ഡിടിഇ വെബ് സൈറ്റ് വഴി)
3.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 16.10.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #6 of File ED1/22177/23/DTE Approved by Senior Administrative Officer on 16-Oct-2023 04:27 PM - Page 1